"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ലൈബ്രറി കെട്ടിട നിർമ്മാണം - ഓഡിറ്റ് തടസ്സം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.757/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/03/2013

പരാമർശം:-
1) 17/01/2009-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-21357/ML3/09-ാം നമ്പർ കത്ത്.
2) വടകര നഗരസഭാ സെക്രട്ടറിയുടെ 23/03/2009-ലെ E3-1826/09-ാം നമ്പർ കത്ത്.
3) 18/11/2010-ലെ നഗരകാര്യ ഡയറക്ടറുടെ F2-887/09-ാം നമ്പർ കത്ത്.
4) 22/08/2012-ലെ കോഴിക്കോട് നഗരകാര്യ റീജിയണൽ നഗരകാര്യ ഡയറക്ടറുടെ സി.2250/-12-ാം നമ്പർ കത്ത്.

## ഉത്തരവ്

വടകര നഗരസഭയുടെ 1999-2000 വർഷത്തിൽ 3,46,286/- രൂപ വിനിയോഗിച്ച് നിർമ്മിച്ച ലൈബ്രറി കെട്ടിടം പ്രവർത്തനം തുടങ്ങാതെ നശിച്ചു കൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത ചെലവ് പാഴ് ചെലവായി ആഡിറ്റ് വിലയിരുത്തുകയും ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി വീഴ്ച വരുത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുവാനും സൂചന ഒന്ന് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാരിന്റെ നിബന്ധന പ്രകാരമാണ് നഗരസഭ പൊളിച്ചു മാറ്റിയ ലൈബ്രറി കെട്ടിടത്തിന് പകരമായി പുതിയ കെട്ടിടം പണിതത് എന്നതു കൊണ്ടും കെട്ടിടം ഇപ്പോൾ പൂർണ്ണമായി ഉപയോഗിക്കുന്നുണ്ട് എന്നതിനാലും ലൈബ്രറി സൗകര്യപ്രദമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാലും കെട്ടിടം ഇനിയും ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നത് പ്രായോഗികമല്ലെന്നുള്ള കൗൺസിലിന്റെ തീരുമാനം അംഗീകരിച്ചു കൊണ്ട് ടി വിഷയത്തിൻമേലുള്ള

ആഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ സൂചന 2 പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വടകര ലോക്കൽ ലൈബ്രറിക്കു വേണ്ടി കെട്ടിടം നിർമ്മിച്ചു നൽകിയത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂചന ഒന്ന് പ്രകാരം ഉന്നയിച്ച തടസ്സം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വടകര നഗരസഭ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ